ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ തൃത്താലയ്ക്കടുത്ത് വെള്ളിയാങ്കല്ല് എന്ന സ്ഥലത്ത് ഭാരതപ്പുഴയ്ക്കുകുറുകെ 295 മീറ്റർ നീളത്തിൽ പാലത്തോടുകൂടിയ റെഗുലേറ്ററും അനുബന്ധ പണികളും നടത്തി ഒറ്റപ്പാലം താലൂക്കിലെ 3997 ഹെക്ടർ സ്ഥലത്ത് നേരിട്ടും 1857 ഹെക്ടർ സ്ഥലത്ത് ലിഫ്റ്റ് ഇറിഗേഷൻ വഴി കൃഷിക്കും, കുന്നംകുളം, ചാവക്കാട്, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികൾക്കും 18 അനുബന്ധ പഞ്ചായത്തുകൾക്കും കുടിവെള്ളം പ്രയോജനപ്പെടുത്തുകയാണ് തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി. 1999-ലെ ഷെഡ്യൂൾ നിരക്കനുസരിച്ച് 26.6 കോടി രൂപയാണ് ഈ പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ്. 2004 മാർച്ചുവരെ ഈ പദ്ധതിക്കായി 20.74 കോടി രൂപ ചെലവായിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ശ്രീ. വി. കെ. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. ഞാനും ശ്രീ. വി. കെ. ചന്ദ്രനും അവിടെ പോയിരുന്നു. അവിടെയുള്ള ജനപ്രതിനിധികളും ഞങ്ങൾക്കൊപ്പം വന്നിരുന്നു. അതിനുശേഷം work schedule ക്രമീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബ്രിഡ്ജിന്റെ ഒരു ഡെക്ക് കൂടി വാർത്തുകഴിഞ്ഞാൽ ബ്രിഡ്ജ് ഉപയോഗപ്രദമാകുന്ന രൂപത്തിലാണ് നിൽക്കുന്നത്. അതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ. ഐ. ഡി. എഫ്.-ന്റെ കാലാവധി 2005 മാർച്ചിൽ അവസാനിക്കുന്നു എന്നുപറഞ്ഞത് ശരിയാണ്, ആ കാലാവധിക്കുള്ളിൽത്തന്നെ ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. 2006-ൽ പദ്ധതിയുടെ എല്ലാ പണികളും പൂർത്തിയാക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയോടുകൂടി പോവുകയാണ്. അദ്ദേഹം സൂചിപ്പിച്ച മറ്റ് ആവശ്യങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അതും ധനലഭ്യതയനുസരിച്ച് തീർക്കാൻ ശ്രമിക്കുന്നതാണ്.

(8) റാന്നി താലൂക്ക് ആശുപത്രിയിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിൽ കിടത്തി ചികിത്സയില്ലാത്ത ഏക താലൂക്ക് ആശുപത്രിയാണ് റാന്നി താലൂക്ക് ആശുപത്രി. ഇത് ശബരിമലയുടെ താലൂക്ക് ആശുപത്രികൂടിയാണ്. എനിക്കും അഞ്ജയ്ക്കും ഈ സഭയ്ക്കും കേരളത്തിനും ഇത് അപമാനമാണ്. അവിടെ 84 തസ്തികകളാണ് ആകെയുള്ളത്. അതിൽ 24 തസ്തികകൾമാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ഫയൽ വരികയാണെങ്കിൽ അത് പരിഗണിക്കാമെന്ന അർത്ഥത്തിൽ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് ശബരിമലയുടെ താലൂക്ക് ആശുപത്രി എന്നുള്ള പരിഗണന വച്ചുകൊണ്ട്, അങ്ങ് എഴുതി തയ്യാറാക്കിക്കൊണ്ടുവന്ന ഉത്തരം പറയാതെ വളരെ അനുകൂലമായ മറുപടി പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, പുതുതായി നിർമ്മിച്ച ആശുപത്രി കെട്ടിടം തുറന്നു പ്രവർത്തിക്കുന്നതിന്റെ ആദ്യപടിയായി 5 അധിക തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫ്രാസ്ട്രക്ച്ചർ, വേസ്റ്റ് വാട്ടർ ഡിസ്പ്പോസൽ, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കാനുണ്ട്. പൂർണ്ണമായ തോതിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറും അധിക തസ്തികകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള തസ്തികകൾ വച്ച് താമസിയാതെ അടുത്ത ദിവസംതന്നെ ആ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള ഐ.പി.കേന്ദ്രം തുറന്നുകൊടുക്കുന്നതാണ്.

V നിയമനിർമ്മാണകാര്യം

മി. സ്പീക്കർ: സമയം വളരെ വൈകിയതുകൊണ്ട് എല്ലാവരും ഒന്ന് സഹകരിക്കണം.

ശ്രീ. ടി. എം. ജേക്കബ്: സമയത്തിന്റെ ക്രമീകരണത്തിൽ 10.30 മുതൽ 12.30 വരെയാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളുടെ സമയം. ഇപ്പോൾ 11.40 ആയി. 12.30 മുതൽ 1.30 വരെ Appropriation Bill എടുക്കണമെങ്കിൽ നമുക്ക് waive ചെയ്യാം.

മി. സ്പീക്കർ: എല്ലാവരും സഹകരിച്ച് പെട്ടെന്ന് തീർക്കുക. ഇതിൽ വിയോജനക്കുറിപ്പൊന്നുമില്ല. പ്രസംഗം കുറച്ച് കൺട്രോൾ ചെയ്താൽ മതി.

I സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരനടപടികളും:

(1) 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇതിൽ വിയോജനക്കുറിപ്പില്ല.

ശ്രീ. എ. കെ. ബാലൻ: ഒരു ക്രമപ്രശ്നമുണ്ട്. ഓർഡിനൻസിന്റെ ഭാഗമായിട്ടാണ് ഈ മൂന്ന് ബില്ലുകളും ഭേദഗതി ചെയ്യപ്പെടുന്നത്. ഞാൻ dissent കൊടുത്തിട്ടുണ്ട്. 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവയുടെ ഭാഗമായിട്ടാണ് dissent കൊടുത്തിട്ടുള്ളത്.

മി. സ്പീക്കർ: അതിന്റെ ചർച്ച ഉച്ചതിരിഞ്ഞാണ്. അതിനെപ്പറ്റി ഇപ്പോൾ സംസാരിക്കേണ്ട.

LIBRARY ARCHIVES Kerala Legislative Assembly